കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് -2015-16

# കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:*lfaddistoffice@gmail.com*

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എൻ.ആർ/സി9./2063/ 2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഫോൺ : 0497-2707698
e-mail:*lfaddistoffice@gmail.com*

തീയതി.07.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ.

പകർപ്പ്

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( ഉപരിപത്രം സഹിതം )
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )
3. കാര്യാലയ പ്രതി

പി.പി.യു

നം .കെ.എസ്.എ/കെ.എൻ.ആർ/സി9 /2063/2016

തീയ്യതി :07.12.2016

# കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് : ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 22.10-2016 മുതൽ 01-11-2016 വരെ | ശ്രീ. ബാബുരാജ് മടപ്രത്ത് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.പ്രദീപ്കുമാർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വിജോഷ്. പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ശ്രീജ.കെ | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.ബാലൻ | 1-4-2015 മുതൽ 31-10.2015 വരെ |
| | ഭരണ നിർവ്വഹണ സമിതി | 1.11.2015 മുതൽ 18.11.2015 വരെ |
| പ്രസിഡന്റ് | ശ്രീമതി.ശോഭ.യു.പി | 19-11-2015 മുതൽ തുടരുന്നു |
| | ശ്രീ.സജീവൻ.സി.പി | 01-04.2015 മുതൽ 22 .07 2015വരെ |

| | | |
|---|---|---|
| സെക്രട്ടറി | | 09.01.2016 മുതൽ 31.01.2016വരെ |
| | ശ്രീ.എം.ചന്ദ്രൻ | 27.07.2015മുതൽ 08.01.2016വരെ |
| | | 01.02.2016 മുതൽ 31.03.2016 വരെ |
| | ശ്രീമതി നിഷ അച്ചുതൻ(അധിക ചുമതല) | 23.07.2015 മുതൽ 26.07.2015വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥൻ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ജിഷ.കെ | 01.04.15 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സീമ.സി | 1-04-15മുതൽ 10.03.16 വരെ |
| | കുമാരി.അശ്വിനി.എൻ | 11.03.16മുതൽ31.03.16 വരെ |
| വി.ഇ.ഒ. | ശ്രീ. ഷൈമ.കെ.(വി.ഇ.ഒ.മാനന്തേരി) | 1-4-15 മുതൽ 31.03.16 വരെ |
| | ശ്രീ.വിൽഫ്രഡ് സാജൻ.(വി.ഇ.ഒ.കണ്ണവം) | 1-04-15മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ശ്രീമതി. പ്രീതി.പി.എം. | 01.04.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. ഷെറീജ് ജനാർദ്ദനൻ | 1-4-15 മുതൽ 31.03.16 വരെ |
| വെറ്റിനറി സർജൻ | ഡോ.എസ്.രവിപ്രസാദ് | 1-04-15മുതൽ 31.03.16 വരെ |

| | | |
|---|---|---|
| | | |
| ഹെഡ് മാസ്റ്റർ | ശ്രീ.എം.ചന്ദ്രൻ | 01.04.15മുതൽ31.03.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി നിഷ അച്ചുതൻ | 01.04.15മുതൽ31.03.16 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | സാമ്പത്തിക വിശകലനം | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |

| | | | |
|---|---|---|---|
| 11 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-1 | |
| 12 | കെട്ടിട നികുതി നിർണ്ണയത്തിലെ അപാകം | 2-2 | |
| 13 | ഡി & ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല | 2-3 | |
| 14 | അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 2-4 | |
| 15 | ഭാഗം – 3<br>ചെലവ് കണക്കിലെ ഓഡിറ്റ് റിപ്പോർട്ട് | | |
| | ക്ഷാമബത്ത കുടിശിക അനുവദിച്ചത് അധികം -15848 രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-1 | |
| 16 | ഹെഡ് മാസ്റ്റർ മുഖേന നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ | 3-2 | |
| 17 | ആശ്രയ പദ്ധതി രണ്ടാം ഘട്ടം നടപ്പാക്കിയിട്ടില്ല. | 3-3 | |
| 18 | ഭവന നിർമ്മാണ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-4 | |
| 19 | ഭൂസ്വത്തുക്കളുടെ പരിപാലനം സംബന്ധിച്ച് | 3-5 | |
| 20 | ഇ-ടെണ്ടർ പ്രവൃത്തികൾ-ടെണ്ടർ സമർപ്പണ ഫീ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ് | 3-6 | |
| | ഭാഗം - 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 21 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗം | 4-1 | |
| 22 | ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ | 4-7 | |

| | | | |
|---|---|---|---|
| | വിശദാംശം. | | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 30 | അനുബന്ധങ്ങൾ – ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |
| | റസീറ്റ് & പേമെന്റ് സ്റ്റേറ്റ് മെന്റ് പത്രിക, ഇൻകം & എക്സ്പെന്റിച്ചർ പത്രിക, ബാലൻസ് ഷീറ്റ് | | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

1 ബജറ്റ് 2015-16

2015-16 വർഷത്തെ ബജറ്റ് 25.3.15 ലെ 42 /2015 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| | ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം | വ്യത്യാസത്തിന്റെ ശതമാനം |
|---|---|---|---|---|
| മുന്നിരിപ്പ് | 7057780 | 17139999.75 | 1,00,82,219.75 | 142.85 |
| വരവ് | 87754100 | 37396683.00 | 5,03,57,417.00 | 57.38 |
| ആകെ | 94811880 | 54536682.75 | 4,02,75,197.25 | 42.47 |
| ചെലവ് | 94073800 | 42434244.00 | 5,16,39,556.00 | 54.89 |
| നീക്കിയിരിപ്പ് | 738080 | 12102438.75 | (-)1,13,64,358.00 | |

## 1-2 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 17139999.75 |
| വരവ് | 37396683.00 |
| ആകെ | 54536682.75 |
| ചെലവ് | 42434244.00 |
| നീക്കിയിരിപ്പ് | 12102438.75 |

## 1-3 വാർഷിക കണക്കുകൾ

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ 1.07.2016 നാണ് ഓഡിറ്റിന് ലഭിച്ചത്. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ

1) മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 20,000 രൂപയുടെ ഷെയർ ഗ്രാമപഞ്ചായത്തിന് ഉണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ബി-12 ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല

2) ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തി സംബന്ധിച്ച കണക്കുകളുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

*3)* നിർവഹണ ഉദ്യോഗസ്ഥർ മുഖേനയുള്ള നിർവഹണ പ്രോജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്, ആദായനികുതി,നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2257753 | 4517873 | 5319904 | 12095530 | 12095530 | | 0 |
| വികസനഫണ്ട് എസ്.സി.പി. | 97780 | 382175 | (-)17780 | 462175 | 462175 | | 0 |
| വികസനഫണ്ട് ടി.എസ്.പി. | 1069159 | 2871789 | (-)669746 | 3271202 | 3271202 | | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 58639 | 3791869 | | 3850508 | 3850508 | | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1254270 | 1165982 | | 2420252 | 2420252 | | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 384696 | 5534185 | (-)1985378 | 3933503 | 3933503 | | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2647000 | 2644777 | (-)2647000 | 2644777 | 2644777 | | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 66952 | 16229368 | | 16296320 | 16295372 | | 948 |
| ബി ഫണ്ട് | 0 | 27282340 | | 27282340 | 27282340 | | |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 151 | 114 | 44786610 | 32887456 | 28 | 9 | 75.50 |

## 1-6 പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം-2015-16

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3836389 | 3862991 | 26602 | +0.69 |
| നികുതിയേതര വരവുകൾ | 296938 | 623638 | 326700 | +110 |
| മറ്റുവരവുകൾ | 116537 | 65134 | 51403 | (-)44.11 |
| ആകെ | 4249864 | 4551763 | 301899 | +7.10 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 251520 | 155 |
| കർഷകതൊഴിലാളി പെൻഷൻ | 6113670 | 731 |
| വിധവാപെൻഷൻ | 9541040 | 1032 |
| വാർദ്ധക്യകാല പെൻഷൻ | 6477720 | 1120 |
| വികലാംഗപെൻഷൻ | 2383390 | 268 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 390000 | 13 |
| 50വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 2098000 | 179 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

*1994*-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ *6(4)-)o* വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന *15.11.2016* ന് *12.30* മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. *₹3021 /*-യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ്. | റിപ്പോർട്ട് നം.തിയ്യതി. |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.11.2010 | 2010-11 | എൽ.ബി.എ.(എച്ച്.ക്യൂ) എൻ.എ,1667/13-14/203 |
| പെർഫോമൻസ് ഓഡിറ്റ് | 07.07.2016 | 01.04.2016-30.06.2016 | 27.09.2016 |

## ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ബിസിനസ് നടത്തിക്കൊണ്ടിരിക്കുന്ന ഏതൊരു സ്ഥാപനത്തിൽനിന്നും ഓരോ അർദ്ധ വർഷവും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ/വ്യാപാരികളിൽ നിന്നും 2015-16 വർഷത്തിൽ ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

സ്ഥാപനങ്ങൾ

1. കേരള സ്റ്റേറ്റ് റബ്ബർ കോ ഓപ്പറേറ്റീവ് ലിമിറ്റഡ്( I&II Half)

2. റബ്കോ കോംപൗണ്ട് മിക്സിങ് പ്ലാന്റ്(I&II Half)

3. റബ്കോ ഹവായ് ചപ്പൽ ഫാക്ടറി (I&II Half)

4. കണ്ണൂർ ജില്ല സഹകരണ ബാങ്ക് (I Half)

5. മലബാർ ബയോ കൺട്രോൾ (I & II Half)

6. GAMCO Ltd (I & II Half)

7. പ്രിയദർശിനി വനിത കോ ഓപ്പറേറ്റീവ് സൊസൈറ്റി(I Half)

8. ചിറ്റാരിപ്പറമ്പ് അഗ്രികൾച്ചറൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി(I & II Half)

9. ചെണ്ടയാട് ഗ്രാനൈറ്റ് പ്രൈവറ്റ് ലിമിറ്റഡ്(I & II Half)

10. മോഡേൺ ഇൻസ്ട്രി ,എടയാർ(I & II Half)

വ്യാപാരികളുടെ വിശദാംശം

| ക്രമ നം | പേര് | വാർഡ് /കെട്ടിട നം | ആവശ്യം |
|---|---|---|---|
| 1 | എൻ. സി നാണു | 13/454 | മധുരപലഹാരങ്ങൾ വില്പന |
| 2 | എ.കെ സുലൈഖ | 1/55 | ഈർച്ചമില്ല് |
| 3 | പി,ശ്രീധരൻ | 7/345 | റേഷൻ കട |
| 4 | നരിക്കോടൻ ചന്ദ്രൻ | 7/158 C | സ്റ്റേഷനറി |
| 5 | ഫായിസ് ഇസ്മയിൽ | 6/316,317,318 | സാനിറ്ററി,സ്റ്റീൽ ഫിറ്റിങ്,പെയിന്റ് കട |

| | | | |
|---|---|---|---|
| 6 | അനീഷ് ടി ഒ | 8/749C | വെൽഡിംഗ് |
| 7 | കാരായി മനോജ് | 9/556 | ഫാൻസി ഷോപ്പ് |
| 8 | യു പി മോഹനൻ | 6/610 | കോഴി വില്പന |
| 9 | ബിലാൽ ബി | 15/39 | അച്ചാർ നിർമ്മാണം |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ/വ്യാപാരികളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-2. കെട്ടിട നികുതി നിർണ്ണയത്തിലെ അപാകം

2015-16 കാലയളവിൽ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി ലൈസൻസ് നൽകിയ താഴെപറയുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനെന്ന തരത്തിൽ കെട്ടിട നികുതി നിർണ്ണയിച്ചതായി കാണുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമസ്ഥന്റെ പേര് | വാണിജ്യം നടത്തുന്നയാൾ | ആവശ്യം |
|---|---|---|---|---|
| 1 | 14/245 | കെ എൻ കുഞ്ഞിലക്ഷ്മി അമ്മ | കെ എൻ മധുസൂധനൻ | ആയുർവേദ മരുന്ന് വില്പന |
| 2 | 7/158C | നരിക്കോടൻ ചന്ദ്രൻ | നരിക്കോടൻ ചന്ദ്രൻ | സ്റ്റേഷനറി |
| 3 | 9/355D | സജീവൻ കക്കാടൻ | സജീവൻ കക്കാടൻ | ബേക്കറി |
| 4 | 8/374 | ടി യൂസഫ് | എ ടി കുഞ്ഞാലു | അനാദി |
| 5 | 7/239 | കോഴിശ്ശേരി മോഹനൻ | ഷിനോജ് കെ സി | ബേക്കറി |
| 6 | 9/510 | ഊരാളിക്കണ്ടി അശോകൻ | അനിൽ കുമാർ എ | വെൽഡിംഗ് |
| 7 | 6/348 | മാമി | എം പി യൂസഫ് | പലപരക്ക് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം 2,3,7 കെട്ടിടങ്ങൾ തെറ്റായി ഡാറ്റാ എൻട്രി വരുത്തിയതാണെന്നും ബാക്കിയുള്ളവയിൽ ലൈസൻസ് അപേക്ഷയിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിയതിൽ പിശക് സംഭവിച്ചതുകൊണ്ടാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് ബോധ്യപ്പെടുത്തുന്ന തിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകൾ കൃത്യമായി പരിശോധിച്ച് വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത ആവശ്യത്തിനെന്ന തരത്തിൽ തന്നെ നികുതി പുനർനിർണ്ണയം നടത്തേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിനു 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ പഞ്ചായത്തിൽ ഈ ആവശ്യത്തിലേക്കായി സമർപ്പിക്കുന്ന ഭൂരിഭാഗം അപേക്ഷകളും മേൽ സമയക്രമം പാലിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | വാർഡ്/കെട്ടിട നം | ആവശ്യം | അപേക്ഷ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | സജി അഗസ്റ്റിൻ | 4/87 F | തുണിക്കച്ചവടം | 17/11/2015 |
| 2 | തുണേരി ജനാർദ്ധനൻ | 10/202 | സ്പെയർ പാർട്സ് വില്പന | 4/11/2015 |
| 3 | വയലമ്പ്രോൻ ഗംഗാധരൻ | 2/106A | അനാദി | 03/02/2016 |
| 4 | പുതുശ്ശേരി മണി | 5/507 | അനാദി | 27/7/15 |

1994 ലെ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232(1) പ്രകാരം ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലം ഉപയോഗിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.ആയതിനാൽ ലൈസൻസ് യഥാസമയം പുതുക്കാത്ത സ്ഥാപനങ്ങൾ ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചതായി കണക്കാക്കി പഞ്ചായത്ത് രാജ് ചട്ടം 26 ചട്ട ലംഘനത്തിന് 1994 ലെ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കാവുന്നതാണ്.

## 2-4 അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235എ എ(4) പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വേ നമ്പർ, വസ്തു ഉടമയുടെ പേരു വിവരങ്ങൾ, കെട്ടിടത്തിനു നൽകപ്പെട്ട പ്രത്യേക നമ്പർ,കെട്ടിടത്തിനു ചുമത്തിയതും ഈടാക്കിയതുമായ വസ്തുനികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്റർ സെക്രട്ടറി പരിപാലിച്ചുപോരേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമാണങ്ങൾ ഒഴിപ്പിക്കുന്നതിനോ പിഴ ഈടാക്കി ക്രമവൽക്കരിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ക്ഷാമബത്ത കുടിശിക അനുവദിച്ചത് അധികം -15848 രൂപയുടെ ചെലവ് നിരാകരിക്കുന്നു

ജി.ഒ(പി) നം-72/2015/ഫിൻ,തീയതി 7-2-2015 ഉത്തരവ് പ്രകാരം അനുവദിച്ച 7% ക്ഷാമബത്ത കുടിശിക 21500101 / 8-5-2015, 21500102 / 8-5-2015 എന്നീ വൗച്ചറുകൾ പ്രകാരം ജീവനക്കാരുടെ പി.എഫിൽ ലയിപ്പിച്ചിരുന്നു. എന്നാൽ ഇത് കണക്കിലെടുക്കാതെ ജി.ഒ(പി) നം-335/2015 /ഫിൻ,തീയതി 7-8-2015 ലെ ഉത്തരവ് പ്രകാരം അനുവദിച്ച ക്ഷാമബത്ത കുടിശിക കണക്കാക്കിയതിനാൽ അർഹമായതിലും അധികം തുക ജീവനക്കാരുടെ പി.എഫിൽ ലയിപ്പിക്കാനിടയായിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര.നം | ജീവനക്കാരന്റ പേര്,തസ്തിക | കാലയളവ് | അടിസ്ഥാന ശമ്പളം | കുടിശിക അനുവദിച്ചത് | അർഹമായ കുടിശിക | അധികം | വൗച്ചർ നം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | നിഷ അച്യുതൻ, അസി.സെക്രട്ടറി | 1/2015 | 19740 | 19740x13% =2566 | 19740x6% = 1184 | 1382 | 21500431 14-9-2015 |
| | | 2/2015 | 19035 | 19035x13% =2475 | 19035x6% = 1142 | 1333 | 21500431 14-9-2015 |
| 2 | പവിത്രൻ.വി, അക്കൗണ്ടന്റ് | 1/2015 | 15780 | 15780x13% =2052 | 15780x6% = 947 | 1105 | 21500431 14-9-2015 |
| | | 2/2015 | 15780 | 15780x13% =2052 | 15780x6% = 947 | 1105 | 21500431 14-9-2015 |
| 3 | വസന്ത.സി.വി, സീനിയർ ക്ലർക്ക് | 1/2015 | 14980 | 14980x13% =1947 | 14980x6% = 899 | 1048 | 21500431 14-9-2015 |
| | | 2/2015 | 14980 | 14980x13% =1947 | 14980x6% = 899 | 1048 | 21500431 14-9-2015 |
| 4 | നിഷ.എം, സീനിയർ ക്ലർക്ക് | 1/2015 | 13540 | 13540x13% =1760 | 13540x6% = 812 | 948 | 21500431 14-9-2015 |
| | | 2/2015 | 13056 | 13056x13%=1697 1097 മാത്രമേ നല്കിയിട്ടുള്ളൂ. | 13056x6% = 783 | 314 | 21500431 14-9-2015 |
| 5 | എ.ജെയിംസ്, ഓഫീസ് അറ്റൻഡന്റ് | 1/2015 | 12220 | 12220x13% =1589 | 12220x6% = 733 | 856 | 21500431 14-9-2015 |
| | | 2/2015 | 12550 | 12550x13%=1632 | 12550x6% = 753 | 879 | 21500431 14-9-2015 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 3/2015 | 12550 | 12550x13%=1632 | 12550x6% = 753 | 879 | 21500431<br>14-9-2015 |
| 6 | പി.സുകമാരൻ, പി.ടി.പി.കെ. | 1/2015 | 5290 | 5290x13 %=687 | 5290x6% = 317 | 370 | 21500429<br>14-9-2015 |
| | | 2/2015 | 5290 | 5290x13 %=687 | 5290x6% = 317 | 370 | 21500429<br>14-9-2015 |
| | | 3/2015 | 5290 | 5290x13 %=687 | 5290x6% = 317 | 370 | 21500429<br>14-9-2015 |
| 7 | കെ.വി.ജോസഫൈൻ<br>പി.ടി.എസ്. | 1/2015 | 5760 | 5760x13% =749 | 5760x6% = 346 | 403 | 21500429<br>14-9-2015 |
| | | 2/2015 | 5554 | 5554x13 % =722 | 5554x6% = 333 | 389 | 21500429<br>14-9-2015 |
| 8 | എൻ. മനോജ്, പാർട് ടൈം ലൈബ്രേറിയൻ | 1/2015 | 6000 | 6000x13% =780 | 6000x6% = 360 | 420 | 21500429<br>14-9-2015 |
| | | 2/2015 | 5785 | 5785x13%=752 | 5785x6% = 347 | 405 | 21500429<br>14-9-2015 |
| 9 | ടി.വി.രവിശങ്കർ, സീനിയർ ക്ലർക്ക് | 1/2015 | 16180 | 16180x13% =2103 | 16180x6% = 971 | 1132 | 21500430<br>14-9-2015 |
| | | 2/2015 | 15602 | 15602x13%=2028 | 15602x6% = 936 | 1092 | 21500430<br>14-9-2015 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ആകെ | | | | | 15848 | |

ക്ഷാമബത്ത കുടിശിക ഇനത്തിൽ അധികം നല്കിയ 15,848 രൂപ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്. കൂടാതെ തെറ്റായി പി.എഫ് അക്കൗണ്ടിന് ക്രെഡിറ്റ് ചെയ്ത തുകയ്ക്ക് ലഭിച്ച പലിശ കൂടി തിരിച്ചടക്കേണ്ടതാണ്.

## 3-2 ഹെഡ് മാസ്റ്റർ മുഖേന നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ

1) പ്രോ.നം. 35/16 കേരളോത്സവത്തിൽ പങ്കെടുത്ത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം.

അടങ്കൽ - 1,75,000/- ചെലവ് -1,73,600/-(തനത് ഫണ്ട്)

ചെക്ക് നം. -0532215/02.12.2015

ഡി.ഡി.നം.-720739/17.12.2015

കേരളോത്സവത്തിൽ പങ്കെടുത്ത ഗ്രാമപഞ്ചായത്തിലെ 35ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ലഭ്യമാക്കിയ ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട ചെയ്ത സയന്റിഫിക് സൊല്യൂഷൻസ്,കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തെ ഒഴിവാക്കി, കൂടിയ നിരക്ക് ക്വാട്ട ചെയ്ത കൃൂട്ടി,കുത്തുപറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും പർച്ചേയ്സ് നടത്തി.കുറഞ്ഞ നിരക്ക് ക്വാട്ട ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിന് പ്രത്യേകിച്ച് കാരണം രേഖപ്പെടുത്താതെ പർച്ചേയ്സ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. ടെണ്ടർ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | ക്വാട്ട ചെയ്ത നിരക്ക് | | നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| | | | സയന്റിഫിക് | കൃൂട്ടി | | |
| 1 | ഫുട്ബോൾ | 70 | 484 | 542.85 | 37999.50 | |
| 2 | വേളിബോൾ | 70 | 414 | 419.05 | 29333.50 | |
| 3 | ക്രിക്കറ്റ് ബാറ്റ് | 70 | 744 | 523.80 | 36666 | |
| 4 | ഷട്ടിൽ ബാറ്റ് | 140 | 223 | 276.50 | 38668 | |
| 5 | ഷട്ടിൽ കോക്ക് | 35 | 95 | 200 | 7000 | |
| 6 | ക്രിക്കറ്റ് ബോൾ | 210 | 48 | 42.85 | 8998.50 | |
| 7 | വോളിബോൾ നെറ്റ് | 35 | 292 | 190.50 | 6667.50 | |
| | ആകെ | | | | 1,73,600 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, സ്ഥാപനം മുമ്പ് സപ്ളൈ ചെയ്ത സാധനങ്ങൾ ഗുണനിലവാരം കുറഞ്ഞവയായിരുന്നുവെന്നും പർച്ചേയ്സിംഗ് കമ്മിറ്റിയുടെ മുമ്പാകെ സാമ്പിളുകൾ ലഭ്യമാക്കാൻ കഴിഞ്ഞില്ലെന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഈ വിശദീകരണത്തിന് ഉപോൽബലകമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും പർച്ചേയ്സുകൾ സുതാര്യമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2) പ്രോ.നം. 36/16- സാംസ്കാരിക സ്ഥാപനങ്ങൾക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ

തനതു ഫണ്ടിൽ നിന്നും 49,990/- രൂപ ( ഡി.ഡി.നം.719690/28.09.2015 ) ചെലവഴിച്ച് സാംസ്കാരിക

സ്ഥാപനങ്ങൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ഇവ കറന്റ് ബുക്സിൽ നിന്നാണ് വാങ്ങിയത്. ത.സ്വ.ഭ.സ്ഥാപനങ്ങൾ പുസ്തകങ്ങൾ സർക്കാർ സ്ഥാപനമായ ബുക്ക് മാർക്കിൽ നിന്നു വാങ്ങണമെന്ന സർക്കാരിന്റെ നിബന്ധന പാലിച്ചിട്ടില്ല. വീഴ്ച ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

3)പ്രോ.നം. 110/16 - ഭിന്ന ശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്

ഗ്രാമപഞ്ചായത്തിലെ 39 ഭിന്നശേഷി വിഭാഗക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 3,60,000/- രൂപ വകയിരുത്തി. ഇതിൽ 60,000/- രൂപ ജില്ലാപഞ്ചായത്ത് വിഹിതമാണ്. 2016 മാർച്ച് മാസം അവസാനം ലഭിച്ച ഈ തുക ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും തുക അർഹരായ ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-3 ആശ്രയ പദ്ധതി രണ്ടാം ഘട്ടം നടപ്പാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 9 ഗുണഭോക്താക്കൾക്ക് വീട്, വീട് റിപ്പയർ, കിണർ, വിദ്യാഭ്യാസം, ചികിത്സ, ഭക്ഷണം, തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് രണ്ടാം ഘട്ട ആശ്രയ പദ്ധതി തയ്യാറാക്കിയത്. 28.09.2013 ന് ചേർന്ന ഭരണസമിതി യോഗത്തിലെ 137/13 നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിൽ 2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിൽ ആശ്രയ പദ്ധതി നടപ്പാക്കുന്നതിനായി 33,74,000/- രൂപ അടങ്കലുള്ള പദ്ധതി അംഗീകരിക്കുകയും ചെയ്തു. എന്നാൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് മൂന്നു വർഷം കഴിഞ്ഞിട്ടും പദ്ധതിക്ക് സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിക്കായുള്ള ചലഞ്ച് ഫണ്ടിൽ ( അക്കൗണ്ട് നം. 18200067760, കേരള ഗ്രാമീൺ ബാങ്ക്, ചിറ്റാരിപ്പറമ്പ് ) നിലവിൽ 7,23,104/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പദ്ധതി കാര്യക്ഷമമായി നടപ്പാക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

## 3-4 ഭവന നിർമ്മാണ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

ഗ്രാമ പഞ്ചായത്തിൽ 2009 – 10 സാമ്പത്തികവർഷം നടപ്പാക്കിയ ഇ. എം. എസ്. ഭവനപദ്ധതിയിലെ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പേരും വിലാസവും | നൽകിയ തുക | നൽകാൻ അവശേഷിക്കുന്ന തുക | അവസാന ഗഡു നൽകിയ തീയ്യതി |
|---|---|---|---|---|
| 1 | പുതുശ്ശേരി വേലായുധൻ | 67500 | 7500 | 30.03.2011 |
| 2 | ചാത്താമ്പള്ളി ജാനു | 67500 | 7500 | 22.12.2010 |
| | വാഴയിൽ മുകുന്ദൻ | 67500 | 7500 | 12.09.2012 |
| 4 | ഉഷ കുനേരി | 52500 | 22500 | 21.06.2010 |

| | | | | |
|---|---|---|---|---|
| 5 | ആണ്ടി കെ. | 22500 | 52500 | 14.05.2010 |
| 6 | കെ.വി.ബാബു | 67500 | 7500 | 30.12.2010 |
| 7 | മുണ്ട്യത്ത് പാഞ്ചാലി | 22500 | 52500 | 14.05.2010 |
| 8 | കുഞ്ഞനന്തൻ പി. | 67500 | 7500 | 02.11.2011 |
| 9 | പത്മനാഭൻ എ. | 67500 | 7500 | 02.11.2011 |
| 10 | ഒ.പി. ആലി | 22500 | 52500 | 19.06.2010 |
| 11 | എം. നാരായണി | 67500 | 7500 | 17.08.2011 |
| 12 | വാഴയിൽ ധർമ്മരാജൻ | 22500 | 52500 | 05.02.2011 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേ ണ്ടതാണ്.

## 3-5 ഭൂസ്വത്തുക്കളുടെ പരിപാലനം സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെയും കൈമാറിയ സ്ഥാപനങ്ങളുടെയും പക്കലുള്ള ഭൂമിയുടെ വിസ്തൃതി, മൂല്യം, തരം, സ്ഥിതി ചെയ്യുന്ന സ്ഥലം, സർവേനമ്പർ തുടങ്ങിയ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള 82 പ്ലോട്ടുകൾ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ളതായി ആസ്തി രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നുണ്ട്. കൈവശമുള്ള സ്ഥലങ്ങളുടെ അടിസ്ഥാന ഭൂനികുതി ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ അടച്ചതിന്റെ രശീതികളൊന്നും 2015-16 വർഷത്തെ ചെലവുകളിൽ ഉൾപ്പെട്ടിട്ടില്ല. ഭൂനികുതി യഥാസമയം ഒടുക്കിയും, നിശ്ചിത ഇടവേളകളിൽ സ്ഥലപരിശോധന നടത്തിയും കൈവശഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കാനും അനധികൃതമായ കൈയേറ്റം തടയൽ തുടങ്ങിയവ ഉറപ്പുവരുത്താൻ ഇത് ആവശ്യമാണ്.

## 3-6 ഇ-ടെണ്ടർ പ്രവൃത്തികൾ-ടെണ്ടർ സമർപ്പണ ഫീ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്

"ഞാലിൽ വയൽ റോഡ് കൾവെർട്ട് നിർമാണവും വശങ്ങൾ ശക്തിപ്പെടുത്തലും" എന്ന പ്രവൃത്തിക്ക് ഇ-ടെണ്ടർ മുഖേനയാണ് കരാറുകാരനിൽ നിന്ന് ദർഘാസ് സ്വീകരിച്ചത്.(പ്രോ.നം.63/16,എസ്റ്റിമേറ്റ് തുക:650000/-) കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മാൽകോസ് എന്ന സ്ഥാപനത്തിനാണ് ടെണ്ടർ ലഭിച്ചത്.1300 രൂപ (മൂല്യവർദ്ധിത നികുതി പുറമേ) യായിരുന്ന ടെണ്ടർ സമർപ്പണ ഫീ.ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമായ ഈ തുക പഞ്ചായത്തിന് ലഭ്യമായി കാണുന്നില്ല.

ആയത് ടെണ്ടർ നടപടി സ്വീകരിച്ച് ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | മുന്നിരിപ്പ് ഉൾപ്പെടെ | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 5,00,000 | 571392 | 571392 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | വർഷം | പ്രവൃത്തിയുടെ പേര്/വർഷം | മുൻകൂർ നൽകിയ തുക | വൗച്ചർ നമ്പർ | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|---|
| KWA | 2015-16 | 11 കെ.വി.ലൈൻ മാറ്റി സ്ഥാപിക്കൽ | 28350 | 21500734/29.12.2015 | 28350 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | ലഭ്യമല്ല | 721995 | 3296550 | 2515088 | 89364 | 1503457 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷം | 2015-16 |
|---|---|

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 20,000 |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്മെന്റ് കോ ഓപ് സൊസൈറ്റി ലിമിറ്റഡ്, കണ്ണൂർ സർട്ടിഫിക്കറ്റ് നമ്പർ 4462 | 20,000 |
| ആകെ | 20,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതും തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| വർഷം | | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | ₹ | 37396683 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്* | ₹ | 42434244 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 15848 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | ഇല്ല |

*Receipt & Payment Statement പ്രകാരം

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

₹.15848 + പലിശ

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസം

| ഉത്തരവാദിയായ ആളുടെ പേരും<br>ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജീവൻ.സി.പി,സെക്രട്ടറി | സെക്രട്ടറി,മുണ്ടേരി ഗ്രാമപഞ്ചായത്ത് | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | എൽ.എഫ്.കെ.എൻ.ആർ/സി.2 /2249/07/ 6-11-2009 | 7 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ/സി.2 /2259/07/ 6-11-2009 | 4 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ/സി.2 /2260/07/ 6-11-2009 | 3 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ/സി.2/63/09 /19-6-2009 | 4 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ/സി.2/591/11/ 12-10-2011 | 3 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.കെ.എൻ.ആർ/സി.10/1370/12/ 30-11-2012 | 19 |
| 2011-12, 2012-13 | എൽ.എഫ്.കെ.എൻ.ആർ/സി.10/1205/14/ 28-3-2015 | 22 |
| 2013-14, 2014-15 | എൽ.എഫ്.കെ.എൻ.ആർ/സി.10 /1046/2016/04.07.2016 | 13 |

ഡെപ്യൂട്ടി ഡയരക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

# **Annexure - 1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ /കെ.എൻ.ആർ /C9/2063/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ ,
ഫോൺ:04972-707698
ഇ.മെയിൽ.*lfaddistofficeknr@gmail.com*

തീയ്യതി.7.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധന നിർവഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക വരവ് ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയരക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# AUDIT CERTIFICATE

KSA-K.N.R./C9.2063/2016

Kerala State Audit Department,
District Audit Office, Kannur-670 001.
e-Mail:lfaddistofficeknr@gmail.com
Phone: 0497-2707698.

Date:7-12-2016

Certified that I have audited the annual Financial Statement of Chittariparamba Gramapanchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of Chittariparamba Gramapanchayat for the year 2015-16 except the observation in My audit report properly presents the picture of income and expenditure.

Deputy Director.

District Audit office,Kannur.